# വീട്ടമ്മയെ കയ്യേറ്റം ചെയ്തയാൾ പിടിയിൽ

മദ്യലഹരിയിൽ വീട്ടമ്മയെ കയ്യേറ്റം ചെയ്യുകയും അസഭ്യം പറയുകയും ചെയ്തയാൾ അറസ്റ്റിൽ. അകപ്പറമ്പ് ആറ് സെൻറ് കോളനിയിൽ അറക്കൽ വീട്ടിൽ കുര്യാക്കോസ് (65) നെയാണ് നെടുമ്പാശ്ശേരി പോലീസ് അറസ്റ്റ് ചെയ്തത്. ലോഡിംഗ് തൊഴിലാളിയായ ഇയാൾ കലഹമുണ്ടാക്കിയതിന് നേരത്തെ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ളതാണ്. എസ്.ഐ. വന്ദന കൃഷണൻ, അഡീ. എസ്.ഐ രാധാകൃഷ്ണൻ, എ.എസ്.ഐ അഭിലാഷ്, സി.പി.ഒ. മുനീർ എന്നിവർ ചേർന്നാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയെ പ്രതിയെ റിമാൻറ് ചെയ്തു.